പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1939

06.02.2019 - ൽ മറുപടി
നൽകേണ്ടിയിരുന്നത്.

## വ്യാപാരികൾക്കുണ്ടായ നഷ്ടം നികത്തുന്നതിന് പ്രത്യേക പാക്കേജ്

ചോദ്യം
ശ്രീ. അൻവർ സാദത്ത്
ശ്രീ. വി. ഡി. സതീശൻ
ശ്രീ. വി. പി. സജീന്ദ്രൻ
ശ്രീ. എ. പി. അനിൽ കുമാർ

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി).

(എ) സംസ്ഥാനത്ത് 2018 ആഗസ്റ്റിലെ പ്രളയം മൂലം ബുദ്ധിമുട്ടിലായ വ്യാപരികൾക്ക് എന്തൊക്കെ സഹായങ്ങളാണ് ഇതിനകം നൽകിയത് ; വ്യക്തമാക്കാമോ ;

(ബി) നാശനഷ്ടമുണ്ടായ വ്യാപാരികൾക്ക് നഷ്ടം നികത്തുന്നതിന് പ്രത്യേക പാക്കേജ് ഉണ്ടാക്കിയിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(എ) : & (ബി) 17/12/2018-ലെ സ.ഉ.(കൈ) 27/2018 /DMD ഉത്തരവ് പ്രകാരം 2018-ലെ പ്രളയത്തിൽ മൃഗസംരംക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ-ചെറുകിട-ഇടത്തരം വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവനമാർഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിലേക്കായി ***ഉജ്ജീവന സഹായ പദ്ധതി*** പ്രഖ്യാപിച്ചിട്ടുണ്ട്.

ഈ പദ്ധതി പ്രകാരം ടേം ലോണിന് വായ്പയുടെ 25% പരമാവധി 2 ലക്ഷം രൂപ മാർജിൻ മണിയായും വർക്കിങ് കാപ്പിറ്റൽ ലോണിന് വായ്പയുടെ 25% പരമാവധി 1 ലക്ഷം രൂപ മാർജിൻ മണിയായും സർക്കാർ, ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്. വർക്കിങ് കാപ്പിറ്റൽ ലോൺ മാത്രമായി എടുക്കുന്നവർക്ക് അവരുടെ താത്പര്യം അനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപ വരെ മാർജിൻ മണിയ്ക്ക് പകരം ഒരു വർഷത്തേയ്ക്ക് 9% നിരക്കിൽ താങ്ങ് പലിശ സർക്കാർ, ബാങ്കുകൾക്ക് നൽകുന്നതാണ്. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ഉത്തരവിന് മുൻപ് പ്രളയത്തിൽ നഷ്ടം സംഭവിച്ച് വായ്പ എടുത്തിട്ടുള്ളതും വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ വഴി നടത്തിയ സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കും.

(സി) പ്രളയബാധിത സ്ഥാപനമെന്ന് റവന്യൂ വകുപ്പ് സർട്ടിഫൈ ചെയ്ത മുഴുവൻ സ്ഥാപനങ്ങളുടെയും ബാങ്ക് ലോണുകൾക്ക് ഒരു വർഷത്തെ മൊറോട്ടോറിയം പ്രഖ്യാപിക്കുകയും അടവ് പലിശയ്ക്ക് സബ്-സിഡി അനുവദിക്കുകയും ചെയ്യുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത മുഴുവൻ വ്യാപാരികൾക്കും അവർക്കുണ്ടായ നഷ്ടത്തിന് ആനുപാതികമായി നഷ്ടപരിഹാരം ഉറപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

(സി) : & (ഡി)

2018 ആഗസ്റ്റ് 20-ന് സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ യോഗത്തിൽ പ്രളയ ദുരിതാശ്വാസ നടപടികൾ ചർച്ച ചെയ്യുകയും സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ ബാങ്ക് വായ്പയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുവാൻ തീരുമാനമെടുക്കുകയും ചെയ്തു.

**1. <u>നിലവിലുള്ള വായ്പകളുടെ ഘടന മാറ്റം/പുന:ക്രമീകരണം.</u>**

(i) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയ്ക്ക് ഒരു വർഷം മൊറോട്ടോറിയം (അവശ്യാടിസ്ഥാനത്തിൽ ഇത് 18 മാസം വരെ ദീർഘിപ്പിക്കാവുന്നതാണ്)

(ii) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയ്ക്കുള്ള പ്രവർത്തന മൂലധന പരിധി ആവശ്യാനുസരണം പ്രവർത്തന മൂലധന ടേം വായ്പയായി (മൊറോട്ടോറിയം കാലാവധി ഉൾപ്പെടെ) പരമാവധി 36 മാസം വരെ പുന:ക്രമീകരിക്കാവുന്നതാണ്.

(iii) സൂക്ഷ്മ-ചെറുകിട വ്യവസായങ്ങൾക്കുള്ള ടേം വായ്പകളുടെ തിരിച്ചടവ് കാലാവധി ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിക്കുകയും തനത് കുടിശ്ശികയും തവണകളും പുന:ക്രമീകരിക്കുകയും ചെയ്യുക.

(iv) ഇടത്തരം വ്യവസായങ്ങൾക്ക് അവശ്യാനുസരണം ഒരു വർഷം വരെ മൊറോട്ടോറിയം അനുവദിക്കുകയും സംരംഭകന്റെ വായ്പ തിരിച്ചടവിനുള്ള ശേഷിയും മൊത്തം ബാധ്യതയും അടിസ്ഥാനമാക്കി വായ്പ പുനക്രമീകരിക്കുകയും ചെയ്യുക.

(v) മുൻവർഷങ്ങളിൽ തിരിച്ചടവിൽ മന:പൂർവ്വം വീഴ്ച്ചവരുത്തിയവർക്ക് പുന:ക്രമീകരണത്തിന് അർഹത ഉണ്ടായിരിക്കില്ല.

**2. <u>പുതിയ വായ്പ/അധികവായ്പ</u>**

(i) ആവശ്യകതയുടെ അടിസ്ഥാനത്തിൽ വായ്പയെടുക്കുന്നയാളിന്റെ തിരിച്ചടവ് ശേഷിയുടെയും ഓരോ കേസിന്റെയും ആവശ്യകത തിട്ടപ്പെടുത്തിയും പുതിയ വായ്പ അനുവദിക്കാവുന്നതാണ്.

(ii) പുനരധിവാസത്തിനായി പുതിയ/അധിക വായ്പ അനുവദിക്കുമ്പോൾ പ്രഥമ പരിഗണന നൽകേണ്ടത് ടി യൂണിറ്റിന്റെ പുനരധിവാസത്തിനുശേഷമുള്ള നിലനിൽപ്പ് ആയിരിക്കണം.

3. ഓരോ ബാങ്കിന്റെയും നയങ്ങൾക്ക് അനുസൃതമായിരിക്കും അതിന്റെ ഈട്ടം, പലിശനിരക്കും.

4. സൂക്ഷ്മ-ചെറുകിട-വ്യവസായ മേഖലയ്ക്കുള്ള മാർജിൻ മണി എഴുതിത്തള്ളുന്നതാണ്.

5. പുന:ക്രമീകരിച്ച/ഘടനാമാറ്റം വരുത്തിയ വായ്പകളെ സ്റ്റാൻഡേർഡ് അസറ്റ് ആയി കണക്കാക്കും

6. പുതിയ വായ്പകളെയും സ്റ്റാൻഡേർഡ് അസറ്റ് ആയി കണക്കാക്കും.

7. ഇൻഷുറൻസ് ക്ലെയിം ഉള്ളപക്ഷം ഇവയെ പുന:ക്രമീകരിച്ച വായ്പകളിൽ ക്രമീകരിക്കുന്നതായിരിക്കും. പുനക്രമീകരണത്തിനും മൊറോട്ടോറിയത്തിനും 2018 ജൂലൈ 31 മുതൽ പ്രാബല്യമുണ്ടായിരിക്കും

സെക്ഷൻ ഓഫീസർ.